Since 1951

JUBILEE MISSION SCHOOL OF NURSING · SERVICE WITH LOVE

# Jubilet

Vol. 5, Issue : 5

MAY 2019

JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

## Editorial

## പരിഗണനയുടെ ആൾരൂപങ്ങൾ

ഈ മാസം Mothers' Day-യും, Nurses' Dayയും ഒരുമിച്ചാണ് ആഘോഷിച്ചത്. മനുഷ്യജീവിതത്തിലെ ഏറ്റവും ബുദ്ധിമുട്ടുള്ള സമയങ്ങളിൽ ഒന്നാണ് രോഗാവസ്ഥയുടെ കാലഘട്ടം. സ്വന്തം അമ്മയുടെ കരുതലും സ്നേഹവും ആ ദിവസങ്ങളിൽ എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കും അനുഭവമുള്ളതാണ്. അമ്മമാരുടെ സ്നേഹസാന്നിധ്യം അത്രമാത്രം ഊഷ്മളവും ആശ്വാസദായകവുമാണ്.

ആതുരസേവനമേഖല ഒരാളുടെ രോഗാവസ്ഥകളിലേക്ക് മാതൃനിർവിശേഷമായ സാന്നിധ്യമാണ് നേഴ്സുമാരിലൂടെ പകർന്നുനൽകുന്നത്. ഇവിടെയാണ് ഒരു നേഴ്സിന്റേയും ഒരമ്മയുടേയും ജീവിതഭാവങ്ങൾ പരസ്പരപൂരകത്വം ആവശ്യപ്പെടുന്നത്. നൽകുന്ന ചികിത്സയ്ക്കൊപ്പം അവരുടെ ജീവിതത്തിലേക്ക് ആശ്വാസത്തിന്റേയും പരിഗണനയുടേയും നനുത്ത സംവേദനങ്ങൾ പകർന്നുകൊടുക്കാനാകുമ്പോൾ സൗഖ്യപ്രാപ്തിക്ക് പരിധിയില്ലാത്ത സാധ്യതകളാണ് തുറക്കപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ മാതൃസഹജമായ സാമീപ്യത്തിലൂടെ രോഗികൾക്ക് സൗഖ്യം നൽകുന്ന നേഴ്സിങ്ങ് മേഖലയെ അത്ഭുതത്തോടും അതിലേറെ കൃതജ്ഞതയോടും നോക്കികാണാതിരിക്കുന്നത് അക്ഷന്തവ്യമായ അപരാധം തന്നെ!

ഈ അവസരത്തിൽ നമ്മുടെ ആശുപത്രിയിൽ നേഴ്സിങ്ങ് മേഖലയിൽ ജോലി ചെയ്യുന്ന എല്ലാവരേയും ഏറെ സ്നേഹത്തോടെ, നന്ദിയോടെ ഓർക്കുന്നു. അവരുടെ സേവനങ്ങൾക്ക് ഒരായിരം നന്ദി! ഈ ദൗത്യത്തിൽ എല്ലാവിധ പിന്തുണയും സഹകരണവും നൽകാൻ മറ്റുള്ളവർക്ക് സാധിക്കണം. ഏറെ പരിപാവനമായ സൗഖ്യദായകശുശ്രൂഷയിൽ പരിഗണനയുടെ ആൾരൂപങ്ങളാകുവാൻ നിങ്ങൾക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. സിജോ ചെറുവത്തൂർ**
**എഡിറ്റർ**

## വിഷുകൈനീട്ടമായി ജൂബിലി മിഷന്റെ മെഡിക്കൽ പവലിയൻ



പുതുമ നിറഞ്ഞ വൈദ്യശാസ്ത്ര വിജ്ഞാനവുമായി പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പവലിയൻ ഉദ്ഘാടനം ചെയ്തു. കാർഡിയോപൾമനറി റെസിസിറേഷൻ (സി.പി.ആർ.) പരിശീലനവും, സൗജന്യ രക്തസമ്മർദ്ദനിർണ്ണയവും, ഡോക്ടേഴ്സ് കൺസൾട്ടേഷനും പവലിയനിലുണ്ട്. പല അസുഖങ്ങളും സുഖപ്പെടുത്താൻ കഴിയുന്ന ഹൈപ്പർബാരിക് ഓക്സിജൻ തെറാപ്പി മോഡലുകളും, വിവിധ തരത്തിലുള്ള കാൻസർ ബാധിച്ച അവയവങ്ങളും, കാൻസർ വരാനുള്ള കാരണങ്ങളുമെല്ലാമായി വൈദ്യശാസ്ത്ര മേഖലയിലെ വിജ്ഞാനം സാധാരണ മനുഷ്യർക്കുതകുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിലും പൂരം എക്സിബിഷൻ സെക്രട്ടറി രാധാകൃഷ്ണനും ചേർന്ന് പവലിയന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

## ഹൈലൈറ്റ്സ്


- മിഷനാശുപത്രിയ്ക്ക് NABH സേഫ്-ഐ അംഗീകാരം
- പൂരം എക്സിബിഷനിൽ ജൂബിലി മിഷന്റെ മെഡിക്കൽ പവിലിയൻ ആരംഭിച്ചു.
- ബാപ്റ്റിസ്റ്റാമ്മ ഇനി ഓർമ്മ
- ബെസ്റ്റ് എംപ്ലോയീയും മികച്ച വാർഡും
- ജൂബിലിയിൽ ദേശീയ ഇ. എൻ. ടി. ശില്പശാല നടന്നു

# സി. ബാപ്റ്റിസ്റ്റ ഓർമ്മയായി



രോഗികളുടെ സ്വന്തം ബാപുട്ടിയമ്മയായി ജൂബിലി മിഷൻ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന സി. ബാപ്റ്റിസ്റ്റ നിര്യാതയായി. 85 വയസ്സായിരുന്നു. അനാരോഗ്യം മൂലം കുറച്ചുനാളായി ജൂബിലിയിൽ നിന്ന് മാറി നിൽക്കുകയായിരുന്നു സിസ്റ്റർ. 1961-മുതൽ ജൂബിലിയിൽ വിദ്യാർത്ഥി, സ്റ്റാഫ് നേഴ്സ്, അസോസിയേറ്റ് മേട്രൺ എന്നീ നിലകളിൽ സിസ്റ്റർ ബാപ്റ്റിസ്റ്റ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മധ്യകേരളത്തിലെ ആരോഗ്യരംഗം പിച്ചവെച്ചിരുന്ന കാലങ്ങളിൽ 1961-കളിൽ ജൂൺ മാസത്തിലാണ് സിസ്റ്റർ ജൂബിലി മിഷൻ കുടുംബത്തിൽ അംഗമാകുന്നത്. ആ കാലഘട്ടത്തിൽ വിദ്യഭ്യാസവും, സാമ്പത്തിക അവസ്ഥയും മോശമായ സാധാരണക്കാരായ ജനങ്ങൾ ആശുപത്രിയുടെ അന്വേഷണ വിഭാഗത്തിൽ എത്തുമ്പോൾ മുതൽ അവരുടേതായ എല്ലാ കാര്യങ്ങളും സിസ്റ്റർ ഏറ്റെടുത്തിരുന്നു. അറിവുള്ളവർക്കും സമ്പത്തുള്ളവർക്കും കാര്യങ്ങൾ എളുപ്പത്തിൽ നടന്നുകിട്ടുമ്പോൾ പാവപ്പെട്ടവരോട് സിസ്റ്ററിന് എന്നും പ്രത്യേക പരിഗണനയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും ജൂബിലിയിൽ എത്തിയിരുന്ന പാവപ്പെട്ട രോഗികൾ സി.. ബാപ്റ്റിസ്റ്റയെ അവരുടെ സ്വന്തം ബാപുട്ടിയമ്മയാക്കി.


അത്യാസന്ന നിലയിലുള്ള രോഗികളെ കൊണ്ടുവരുന്നത് പ്രതിദിനം കാണുന്ന സിസ്റ്റർ ഏത്രയും വേഗം ബന്ധപ്പെട്ട വിഭാഗങ്ങളിലേക്ക് അവരെ എത്തിക്കാനായി സ്ട്രെച്ചറിലും, വീൽചെയറിലും കൊണ്ടുപോകുമ്പോൾ അവരോടൊപ്പം ഓടുന്നത് അക്കാലങ്ങളിൽ പതിവുകാഴ്ച്ചയായിരുന്നു.

തൃശ്ശൂർ ജില്ലയിലെ തിരുത്തിപറമ്പ് ചിരിയങ്കണ്ടത്ത് വീട്ടിൽ ലോനപ്പൻ, റോസ ദമ്പതികളുടെ 8 മക്കളിൽ 4-ാമത്തെ മകളാണ് മേരി. 23-ാം വയസ്സിൽ സന്യാസത്തിൽ പ്രവേശിച്ചപ്പോഴാണ് ബാപ്റ്റിസ്റ്റ എന്ന പേര് സ്വീകരിച്ചത്. ചാരിറ്റി സന്യാസിനി സമൂഹത്തിലെ അംഗമായ സിസ്റ്റർ എല്ലാ ദിവസവും രാവിലെ 4.30-ന് ഉണരും. അഞ്ചുമണിക്ക് മുമ്പായി ആശുപത്രിയിൽ എത്തിച്ചേരുന്ന സിസ്റ്റർ പ്രാർത്ഥനയിലും, വിശുദ്ധ കുർബ്ബാനയിലും സംബന്ധിച്ച് 6.30-ന് മുമ്പായി നേരെ എത്തുക രജിസ്ട്രേഷൻ കൗണ്ടറിൽ ആണ്. അക്കാലത്ത് ഡോക്ടർമാർക്കുള്ള ടോക്കൺ ലഭിക്കാൻ തലേദിവസം മുതൽ കാത്തുനിൽക്കുന്ന ആളുകളുടെ വരി നിയന്ത്രിച്ചും കുശലം പറഞ്ഞും സിസ്റ്റർ ഡ്യൂട്ടി ആരംഭിക്കും. ഒരു വിധം തിരക്ക് ഒഴിയുമ്പോൾ 11-മണിയോടെ പ്രഭാതഭക്ഷണം. വൈകുന്നേരം വരെ തുടരുന്ന ഈ സ്നേഹസേവനം സിസ്റ്ററിന്റെ കർമ്മോന്മുഖമായ ആദ്ധ്യാത്മികതയുടെ പ്രകാശമാണ്. ചിലപ്പോഴെല്ലാം ഏറെ സംഘർഷഭരിതമായ സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. റോഡപകടങ്ങൾ, പാമ്പുകടി, കൊലപാതകശ്രമം മറ്റ് അക്രമങ്ങൾ എന്നീ കാരണങ്ങളാൽ ആശുപത്രിയിൽ എത്തുന്ന രോഗികൾ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളും ബഹളങ്ങളും വളരെ ശാന്തമായും മാതൃഹൃദയത്തോടും പരിഹരിക്കാൻ സിസ്റ്റർക്ക് കഴിയാറുണ്ട്. ഉറ്റവരുടെ ദേഹവിയോഗം മൂലം വേദനിക്കുന്നവരേയും അലമുറയിടുന്നവരേയും സ്നേഹസ്പർശംകൊണ്ടും സാന്ത്വനവാക്കുകൾകൊണ്ടും ആശ്വസിപ്പിക്കുവാൻ കഴിയുന്ന ഈ അമ്മ പലപ്പോഴും ക്രമസമാധാനപാലകർക്കുപോലും സാധിക്കാത്ത കാര്യങ്ങളാണ് ചെയ്തിരുന്നത്. സിസ്റ്റർ ഒരു കാലഘട്ടത്തിലെ രോഗികളുടെ സാന്ത്വനതണലായിരുന്നുവെന്നും, സിസ്റ്ററുടെ സ്നേഹസേവനം ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും മാതൃകയാക്കണം എന്ന് ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അഭിപ്രായപ്പെട്ടു.



IT CORNER

## G Board എന്ന കീബോർഡ്




ഗൂഗിളിന്റെ കീബോർഡ് ആണ് G Board.പലരുടെയും മൊബൈൽ ഫോണിൽ ഈ ആപ്ലിക്കേഷൻ ഉണ്ടാകും. എന്നാൽ ഇതിന്റെ പ്രയോജനം എന്താണെന്ന് പലർക്കും അറിയില്ല.. പുതിയ language ആവശ്യമായി വരുന്ന അവസരങ്ങളിൽ ഓരോ ഭാഷയിലുമുള്ള ആപ്ലിക്കേഷനുകൾ വെവ്വേറെ ഡൗൺ ലോഡ് ചെയ്യുന്നു. G Board എന്ന ആപ്ലിക്കേഷൻ നമ്മുടെ മൊബൈലിൽ ഉണ്ടെങ്കിൽ ലോകത്തിലെ മിക്ക ഭാഷകളും ലഭ്യമാകും. പുതിയ ഫോണുകളിലെല്ലാം G Board ഉണ്ട്. ഇല്ലാത്ത ഫോണുകളിൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാനാകും. അതിനുശേഷം ഇൻസ്റ്റാൾ ചെയ്യുക. തുടർന്ന് ആപ്ലിക്കേഷൻ ഓപ്പൺ ചെയ്യാം.

ഓപ്പൺ ചെയ്യുമ്പോൾ language, preferences, themes എന്നിങ്ങനെ ഓപ്ഷനുകൾ കാണാം. ആദ്യം language സെലക്ട് ചെയ്യാം. അതിൽ use system language ആയിരിക്കും enable ചെയ്തിരിക്കുക. ഈ ഓപ്ഷനെ disable ചെയ്താൽ തൊട്ടുതാഴെയുള്ള ഭാഷകളെല്ലാം ആക്ടീവ് ആകും. അതിൽ ആവശ്യമുള്ള ഭാഷകൾ സെലക്ട് ചെയ്യണം. ഇനി ഏതെങ്കിലും Chat app ഓപ്പൺ ചെയ്ത് (eg: whats app, face book etc.) നോക്കിയാൽ G board കാണാനാകും. Multi language ഉപയോഗിക്കാൻ ചാറ്റ് എടുത്ത് കീബോർഡിലുള്ള ഗ്ലോബ് ഐക്കണിൽ ക്ലിക്ക് ചെയ്യുക. നമ്മൾ സെലക്ട് ചെയ്ത ക്രമമനുസരിച്ച് ഗ്ലോബിൽ ക്ലിക്ക് ചെയ്യുമ്പോൾ ഭാഷകൾ മാറി വരുന്നതായി കാണാം. അടുത്തതായി Chat app കൾ ക്ലോസ് ചെയ്യാതെ തന്നെ G board വഴി ഗൂഗിളിൽ നിന്നും ആവശ്യമുള്ള ലിങ്കുകൾ search ചെയ്ത് മറ്റുള്ളവർക്ക് ഷെയർ ചെയ്യാനാകും. അതിനായി G board ന്റെ കീബോർഡിൽ മൾട്ടികളറിൽ ഉള്ള “G” എന്ന alphabet ൽ ക്ലിക്ക് ചെയ്താൽ Google ഓപ്പണായി വരും. ആവശ്യമുള്ളവ search ചെയ്ത് ഷെയർ എന്ന ഓപ്ഷൻ വഴി മറ്റുള്ളവർക്ക് ഷെയർ ചെയ്യാനും കഴിയും.

സ്മാർട്ട് ഫോണുകളിൽ ഗൂഗിൾ G Board ഉപയോഗിച്ച് Voice typing സാധ്യമാണ്. കൂടുതൽ വാചകങ്ങൾ ടൈപ്പ് ചെയ്യേണ്ട സന്ദർഭങ്ങളിൽ Voice typing ഉപയോഗപ്രദമാണ്. നമ്മുടെ സ്പീച്ചിനെ G Board ടെക്സ്റ്റ് ആക്കി മാറ്റുന്നു. മൊബൈൽ settings ൽ language & inputൽ voice input കൾ കാണാം. അതിൽ നിന്ന് താൽപര്യമുള്ളവ തിരഞ്ഞെടുത്ത് ഉപയോഗിക്കാം. Voice typing തുടങ്ങുന്നതിന് കീബോർഡിന്റെ വലതുവശത്തുള്ള മൈക്രോഫോൺ ഐക്കണിൽ ടാപ്പു ചെയ്ത് സംസാരിച്ചു തുടങ്ങിയാൽ അത് ടെക്സ്റ്റ് ആയി മൊബൈലിൽ ടൈപ്പു ചെയ്തു വരും.

Theme എന്നുള്ള ഓപ്ഷനിൽ G board ന്റെ ബാക്ക് ഗ്രൗണ്ട് കളറുകളും ചിത്രങ്ങളും മാറ്റുന്നതിനുള്ള ഓപ്ഷനുകൾ ഉണ്ടായിരിക്കും. my image ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ മൊബൈലിന്റെ ഗാലറിയിൽ നിന്ന് ആവശ്യമുള്ള ചിത്രങ്ങൾ സെലക്ട് ചെയ്ത് G board ന്റെ ബാക്ക്ഗ്രൗണ്ട് ചിത്രങ്ങൾ ആയി ഉപയോഗിക്കാനാകും. ഇതു കൂടാതെ നിരവധി ഓപ്ഷനുകൾ ഉണ്ട് അതെല്ലാം വായിച്ചാൽ സ്വയം ചെയ്യാൻ സാധിക്കുന്നതാണ്.

– **Ms. ഷീജ നെൽസൺ**, EDP Dept.

# Welcome to Jubilee Family

| | | |
|---|---|---|
| 1 | Dr. LINJU MOLE JOY | MC Microbiology, Assistant Professor |
| 2 | Dr. SILPA S | Pulmonology, Observer |
| 3 | Dr. THERASA BABU | Nephrology, Observer |
| 4 | Dr. SUHAIL MUSTHAFA | Cardiology, Jr. Resident |
| 5 | Dr. FANNIE LOUIS CHIRAMEL | Cardiology, Observer |
| 6 | Dr. NAVINA PRINCE CHANDY | MC Anatomy, Tutor |
| 7 | Dr. ANNMARY THOMSON | Plastic Surgery, Jr. Resident |
| 8 | DHANALAKSHMI V B | Ayurveda Therapist |
| 9 | NIMI STEPHEN | Ayurveda Pharmacist |
| 10 | AISWARYA CHANDRAMOHAN | STAFF NURSE |
| 11 | TONY P CHACKO | Cardiac Surgery, Perfusionist |
| 12 | TINU THOMAS | STAFF NURSE |
| 13 | THAVLIN BABY | STAFF NURSE |
| 14 | ANJU PAUL | STAFF NURSE |
| 15 | RINTO PAUL K | SUPERVISOR - FIRE & SAFETY |
| 16 | Sr. MARIA BRAHMAKULAM | LITURGICAL ANIMATOR |
| 17 | THRESSIAMMA KURIAN | PHC (Nadathara), Jr. Public Health Nurse |

# അഭിനന്ദനങ്ങൾ!



ഡോ. ബിജോയ് ചിറയത്ത് MD, FIPM (അസി. പ്രൊഫസർ, അനസ്തേഷ്യ വിഭാഗം), "യൂറോപ്യൻ ഡിപ്ലോമ ഇൻ പെയിൻ മെഡിസിൻ" (EDPM) നേടി, യൂറോപ്യൻ പെയിൻ ഫെഡറേഷന്റെ മെഡിക്കൽ പ്രാക്റ്റീഷനർ ആയി രജിസ്റ്റർ ചെയ്യപ്പെട്ടു. എല്ലാത്തരം വേദനയുള്ള രോഗികളെയും ചികിത്സിക്കുവാനുള്ള പരിശീലനവും അറിവുമാണ് ഇതിലൂടെ നേടിയത്.

# അഭിനന്ദനങ്ങൾ!



മാർച്ച് മാസത്തിൽ മികച്ച വാർഡ് ആയി തെരഞ്ഞെടുക്കപ്പെട്ട MCCU വാർഡ് അംഗങ്ങൾ



ഫെബ്രുവരി മാസത്തിൽ മികച്ച സേവനം കാഴ്ചവച്ച ബ്ലഡ് ബാങ്ക് ടീം

## ബെസ്റ്റ് എംപ്ലോയീ അവാർഡ്



മാർച്ച് മാസത്തിലെ ബെസ്റ്റ് എംപ്ലോയീ അവാർഡ് നേടിയ ശ്രീ. സുമേഷ്കുമാർ എസ്., ന്യൂറോ ഓപ്പറേഷൻ തീയറ്ററിലെ സ്റ്റാഫ് നഴ്സ് ആണ്.

ഫെബ്രുവരി മാസത്തിലെ ബെസ്റ്റ് എംപ്ലോയീ അവാർഡ് നേടിയ ശ്രീ. ജോബി സി. ജെ. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരൻ ആണ്.





തൃശൂർ അക്കാദമിക് ക്ലബ് ഓഫ് ഓഫ്താൽമോളജി (TACO & KSOS ) സംഘടിപ്പിച്ച ഗ്ലോക്കോമ വാരാചരണ സംസ്ഥാന തല സമാപന സമ്മേളനം, തൃശൂർ ലയൺസ് ക്ലബ്ബിന്റെ സഹകരണത്തോടെ ജൂബിലി മിഷൻ ആശുപത്രിയിൽ നടന്നു.

## ചെറുപയർ - ഓട്സ് ലഡ്ഡു

**ചേരുവകൾ:** - ചെറുപയർ - 1/2 കപ്പ്, ഓട്സ് - 2 ടീസ്പൂൺ, നെയ്യ് - 3 ടീസ്പൂൺ, ശർക്കരപാനി - 3 ടീസ്പൂൺ, നട്സ് (കശുവണ്ടി, കപ്പലണ്ടി, ഈന്തപ്പഴം, ഉണക്കമുന്തിരി) - ചെറുതായി പൊടിച്ചത് /അരിഞ്ഞത്, ഏലയ്ക്കാ പൊടിച്ചത് - 1/2 ടീസ്പൂൺ, എള്ള് വറുത്തത് - 1/4 ടീസ്പൂൺ, ചുക്ക് പൊടിച്ചത് - 1 നുള്ള്. **തയ്യാറാക്കുന്ന വിധം:-** 01. ചെറുപയർ എണ്ണയില്ലാതെ വറുത്ത് നിറം മാറുമ്പോൾ തണുക്കാൻ മാറ്റിവെയ്ക്കുക. ഇതിലേക്ക് ഓട്സ് ചേർത്ത് മിക്സിയിൽ പൊടിച്ചെടുക്കുക. 02. ഏലയ്ക്കാ, ചുക്ക്, എള്ള് എന്നിവ പൊടിച്ചത് ഈ മിശ്രിതത്തിലേയ്ക്ക് ചേർക്കുക. 03.നട്സ് ചേർത്ത് ആവശ്യത്തിന് നെയ്യും, ശർക്കരപാനിയും ഒഴിച്ച് ലഡ്ഡു രൂപത്തിലുള്ള ചെറിയ ഉരുളകളാക്കിയെടുക്കുക.

**ഡയറ്ററി & ന്യൂട്രീഷൻ വിഭാഗം**

## ജെറിയാട്രിക് മെഡിസിൻ
### വികസിച്ചു വരുന്ന മെഡിക്കൽ ശാഖ

ദേശീയതലത്തിൽ വയോജനങ്ങളുടെ അനുപാതം 9 ശതമാനമാണ്. എന്നാൽ കേരളത്തിൽ ഇത് യൂറോപ്യൻ രാജ്യങ്ങളിലേതിന് തുല്യമായ 12 ശതമാനമാണ്.

വയോജനങ്ങളുടെ സംഖ്യ കൂടുന്നതിനനുസരിച്ച് വാർദ്ധക്യസഹജമായ ഡിമെൻഷ്യ എന്ന അവസ്ഥയും കൂടിവരുന്നു. ലോകാരോഗ്യസംഘടനയുടെ കണക്കുപ്രകാരം ഏകദേശം 50 മില്യൻ ജനങ്ങൾ ഡിമെൻഷ്യ മൂലമുള്ള ബുദ്ധിമുട്ടുകൾക്ക് വിധേയരാണ്. ഇതിൽതന്നെ 60 ശതമാനത്തോളം ജനങ്ങൾ വികസ്വര-അവികസിത രാജ്യങ്ങളിലാണ് ഉള്ളത്. എല്ലാ വർഷവും 10 മില്യൻ പുതിയ രോഗികൾ ഉണ്ടാകുന്നു. കേരളത്തിൽ ജെറിയാട്രിക് ഹോം കെയർ എന്ന ആശയം ആദ്യമായി പ്രാവർത്തികമാക്കിയ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഇപ്പോൾ അൾഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് ഡിമെൻഷ്യ ബാധിതരെ സഹായിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

ഡിമെൻഷ്യ ബാധിതരായ വയോജനങ്ങളുടെ ശുശ്രൂഷകർക്ക് സൗജന്യ ട്രെയിനിങ്ങ് നൽകുക വഴി സംസ്ഥാനത്തെ വയോജനങ്ങളുടെ ജീവിതനിലവാരത്തിൽ വലിയ ഉയർച്ചയുണ്ടാകുമെന്നതിൽ സംശയമില്ല.

2016 മുതൽ വളരെ സജീവമായി പ്രവർത്തിച്ചുവരുന്ന ജൂബിലിയുടെ ജെറിയാട്രിക് ഹോം കെയർ ക്ലിനിക്ക് മുതിർന്ന പൗരന്മാർക്കായി വയോജനസൗഹൃദപരമായ ജെറിയാട്രിക് ഡിപ്പാർട്ട്മെന്റായി മാറിയിരിക്കുന്നു.

ജെറിയാട്രിക് ഹോം കെയർ സേവനത്തിനായി ബുക്ക് ചെയ്യുന്ന വ്യക്തികളെ ആശുപത്രിയിൽ നിന്നുള്ള ജെറിയാട്രിക് ടീം പ്രത്യേക ഇടവേളകളിൽ വീടുകൾ സന്ദർശിച്ച് പരിശോധന നടത്തുന്നു. ജൂബിലി ടെലി കെയർ സിസ്റ്റം വഴി സ്പെഷലിസ്റ്റിന്റെ നിർദ്ദേശങ്ങൾ ലഭ്യമാകുന്നതാണ്. മാത്രമല്ല ബുക്ക് ചെയ്തിട്ടുള്ള സമയത്തേക്ക് ജെറിയാട്രിക്ക് സ്പെഷലിസ്റ്റിന്റെ ഓൺലൈൻ കൺസൽട്ടേഷൻ ലഭ്യമാക്കുന്നതാണ്. ഇതുവഴി വയോജനങ്ങൾക്ക് യാത്രയുടെ ബുദ്ധിമുട്ടുകളും, ഡോക്ടറെ കാണുന്നതിനായി വേണ്ടിവരുന്ന കാത്തിരിപ്പുസമയവും ഇല്ലാതാകുന്നു.

ഇന്ത്യൻ അക്കാദമി ഓഫ് ജെറിയാട്രിക്സ്, ജെറിയാട്രിക്സിനെ എം.സി.ഐ-യുടെ മെഡിക്കൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. പ്രൈമറി ഹെൽത്ത് സെന്ററുകളിലും, മെഡിക്കൽ കോളേജുകളിലും വയോജനങ്ങൾക്കായി പ്രത്യേക ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് ഗവൺമെന്റ് ഉറപ്പ് തന്നിട്ടുണ്ട്. ഇത് ഇന്നത്തെ കേരളത്തിലെ വയോജനങ്ങളുടെ അവസ്ഥയിൽ വളരെയധികം അത്യാവശ്യമാണ്.

## തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിക്ക് എൻ.എ.ബി.എച്ച്. സേഫ് – ഐ അംഗീകാരം




ആശുപത്രികളിൽ ചികിത്സാ മേഖലകളിൽ സുരക്ഷിതത്വത്തിന് ഏർപ്പെടുത്തുന്ന സേഫ് ഐ അംഗീകാര ദാന ചടങ്ങിൽ ഈ വർഷത്തെ ബെസ്റ്റ് ഡോക്ടർ അവാർഡ് ലഭിച്ച ഡോ. അനൂപ് കുമാർ സംബന്ധിച്ചു. 2018-ന് കോഴിക്കോടുണ്ടായ നിപ്പാ വൈറസിനെ തിരിച്ചറിഞ്ഞ് പ്രതിരോധമാർഗ്ഗങ്ങൾ നിർദ്ദേശിച്ച ഡോ. അനൂപിൽ നിന്നും സേഫ് ഐ സർട്ടിഫിക്കറ്റ് ജൂബിലി മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഏറ്റുവാങ്ങി. രോഗികളുടേയും ജീവനക്കാരുടേയും സന്ദർശകരുടേയും സുരക്ഷ' മെച്ചപ്പെടുത്തുന്നതിനും, സുരക്ഷിത ഇൻജക്ഷൻ, ഇൻഫ്യൂഷൻ, ബയോമെഡിക്കൽ മാലിന്യനിർമാർജ്ജനം, ആരോഗ്യപരിപാലനം എന്നിവയിലൂടെ രോഗബാധ തടയുന്നതിൽ വിജയിക്കുന്നവർക്ക് എൻ. എ. ബി. എച്ച്. നൽകുന്ന അംഗീകാരമാണ് സേഫ് ഐ സർട്ടിഫിക്കേഷൻ.

## ജൂബിലിയിൽ ദേശീയ ഇ.എൻ.ടി. ശില്പശാല നടന്നു



തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജും, ജില്ല ഇ.എൻ.ടി. ഡോക്ടർമാരുടെ സംഘടനയും സംയുക്തമായി സംഘടിപ്പിച്ച ദേശീയ ഏകദിന ശില്പശാല – 'ജൂബിലി ഇ.എൻ.ടി. കോൺ 2019' ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്നു. ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്നായി ഇരുന്നൂറോളം ഇ.എൻ.ടി. വിദഗ്ദ്ധ ഡോക്ടർമാർ പങ്കെടുത്തു..



ചെന്നൈയിൽ, ക്ലിനിക്കൽ ന്യൂറോളജിയുടെ 9-ാമത് വാർഷിക അന്തർദേശീയ കോൺഫറൻസിൽ വച്ച് നടന്ന ന്യൂറോ ക്വിസ് മത്സരത്തിൽ ഡോ. നീന ബേബി (ഡി. എം. റെസിഡന്റ്, ന്യൂറോളജി) ഒന്നാം സ്ഥാനം നേടി.

Editorial Board

Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Dinu